പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 516

27.9.2011-ലെ മറുപടിയ്ക്ക്

## റാന്നിയിൽ ആരംഭിക്കുന്ന കിൻഫ്ര അപ്പാരൽ പാർക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) റാന്നിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി എത്ര ഏക്കർ ഭൂമിയാണ് ഇപ്പോൾ റവന്യൂ വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ളത്. | (എ) റാന്നിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി 1 ഏക്കർ 40.558 സെൻറ് ഭൂമിയാണ് റവന്യൂ വകുപ്പിൽ നിന്നും പാട്ടത്തിന് ലഭിച്ചിട്ടുള്ളത്. |
| (ബി) ഇവിടെ അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായുള്ള കെട്ടിടങ്ങളുടെ ഡിസൈനും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ഇവിടെ അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായുള്ള കെട്ടിടങ്ങളുടെ ഡിസൈനും, പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. അഞ്ച് നിലകളിലുള്ള ഏകദേശം 4400 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വരുന്ന ഒരു ഫാക്ടറി കെട്ടിടവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇതിൻെറ അടങ്കൽ തുക 650 ലക്ഷം രൂപയായിരിക്കും. |
| സി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി ഇനിയും എന്തൊക്കെ നടപടി ക്രമങ്ങൾ പൂർത്തികരിക്കാനുണ്ട്. | സി)കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി ടെൻറർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തീരുമാനിക്കേണ്ടതുണ്ട്. |

| | |
|---|---|
| ഡി) വ്യവസായ രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ലയിൽ നൂറുകണക്കിനാളുകൾക്ക് ജോലി ലഭിക്കാൻ ഉതകുന്ന ഈ ബൃഹത് പദ്ധതിയുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഡി) എത്രയും പെട്ടെന്ന് തന്നെ ടെൻറർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കെട്ടിടം പണി തുടങ്ങുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരുന്നു. 2012 സെപ്തംബർ മാസത്തോടുകൂടി ത്വരിത ഗതിയിൽ നിർമ്മാണം പൂർത്തിയാക്കി വ്യവസായം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് . ഇത് സാധ്യമാക്കാൻ ഉതകുന്ന തൊഴിൽ പരിശീലനവും 2012 ജൂലൈ മാസത്തോടെ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ